ഗവ:ഹയർ സെക്കന്ററി സ്കൂൾ

തണ്ണീർമുക്കം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 - 2026

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : ഗവ. എച്ച് എസ് എസ് തണ്ണീർമുക്കം. |
| പഞ്ചായത്ത് | : തണ്ണീർമുക്കം. |
| ബി. ആർ. സി | : ചേർത്തല |
| വിദ്യാഭ്യാസ ഓഫീസ് | : ചേർത്തല |
| വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസ് | : ആലപ്പുഴ |
| ജില്ല | : ആലപ്പുഴ |
| താഴ്ന്ന ക്ലാസ്സ് | : LKG |
| ഉയർന്ന ക്ലാസ്സ് | : 12 |
| ഇ മെയിൽ ഐഡി | : 34043alappuzha@gmail.com |

# ആമുഖം

ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ പ്രകൃതി സൗന്ദര്യം കൊണ്ടും, സംസ്കാരസമ്പന്നത കൊണ്ടും പ്രസിദ്ധമായ തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിലെ പ്രീപ്രൈമറി തലം മുതൽ ഹയർസെക്കണ്ടറി തലം വരെ ഒരു കുടക്കീഴിൽ പ്രവർത്തിച്ചുവരുന്ന ഏക സർക്കാർ വിദ്യാലയമാണ് തണ്ണീർമുക്കം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ.

1885-ൽ ചെറിയൊരു കുടിപ്പള്ളിക്കൂടമായി തുടങ്ങി, പിന്നീട് LP, UP എന്നീ തലങ്ങളിലേയ്ക്കും, പിന്നീട് ഹൈസ്കൂൾ പദവിയിലേക്കും ഉയർന്ന ചില വിദ്യാലയങ്ങളിൽ ഒന്നാണ് ഈ സ്കൂൾ. ഒരേക്കർ അമ്പത് സെന്റിൽ ഈ സ്കൂൾ സ്ഥിതി ചെയ്യുന്നു. 1942 ൽ എലിമെന്ററി സ്കൂളായും 1952 ൽ അപ്പർ പ്രൈമറി സ്കൂളായും 1983 ൽ ഹൈസ്കൂളായും 2004 ൽ ഹയർസെക്കന്ററി സ്കൂളായും ഈ മുത്തശ്ശി സ്കൂൾ ഉയർത്തപ്പെട്ടു. നിലവിലെ കണക്കനുസരിച്ച് ഈ സ്കൂളിൽ LKG മുതൽ പത്താം ക്ലാസ്സ് വരെ 158 കുട്ടികളും പ്രധാനാദ്ധ്യാപികയെ കൂടാതെ 8 സ്ഥിര അദ്ധ്യാപകരും 4 താത്കാലിക അദ്ധ്യാപകരും ജോലി ചെയ്യുന്നു. കൂടാതെ ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിശീലനത്തിനായി ഒരു അദ്ധ്യാപികയും കായികവിദ്യാഭ്യാസത്തിനും കൗൺസിലിംഗിനുമായി ഓരോ അദ്ധ്യാപികമാരും കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു. ഓഫീസ് വിഭാഗത്തിൽ ഒരു ക്ലർക്ക്, രണ്ട് ഓഫീസ് അസിസ്റ്റന്റ്, ഒരു എഫ്.ടി.എം ഒരു പി.ടി.സി.എം എന്നിവരാണുള്ളത്.

ഹയർസെക്കന്ററി വിഭാഗത്തിൽ കുട്ടികൾ പഠിക്കുന്നു. പ്രിൻസിപ്പാൾ ഉൾപ്പെടെ ജീവനക്കാർ ഇവിടെ പ്രവർത്തിച്ചുവരുന്നു. ഏകദേശം 150 വർഷമായി [illegible] കയർമേഖലയിലും മത്സ്യബന്ധന മേഖലയിലും ജോലിചെയ്തുവരുന്ന തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് ഈ വിദ്യാലയത്തെ ആശ്രയിച്ചുവരുന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ വിദ്യാലയത്തിന്റെ അവസ്ഥ ശോചനീയമായി തുടങ്ങി.

അവിടെ നിന്നും ഈ സ്കൂൾ ഉയർത്തെഴുന്നേൽക്കുന്നതു കാണാനുള്ള വെമ്പലിലാണ്. ഒരു [illegible] ആത്മാർത്ഥതയും സത്യസന്ധതയും കൈമുതലാക്കിയ അദ്ധ്യാപകരും അനദ്ധ്യാപകരും പി.ടി.എ.യും പൂർവ്വവിദ്യാർത്ഥികളും ജനപ്രതിനിധികളും അടങ്ങിയ ഒരു സംഘം ഈ സ്കൂളിന് തണലായി നിലകൊള്ളുന്നു. സ്കൂളിന്റെ സമഗ്രവികസനത്തിന് എപ്പോഴും മുൻകൂട്ടി തയ്യാറാക്കിയ പദ്ധതികൾ അനിവാര്യമാണ്

## പൊതുലക്ഷ്യങ്ങൾ

- ഓരോ കുട്ടിയും പരമാവധി കഴിവിനനുസരിച്ച് ശേഷികളും നൈപുണികളും നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തും.
- സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ലിംഗ വേർതിരിവില്ലാതെ എല്ലാ കുട്ടികൾക്കും, എല്ലാ മേഖലകളിലും അനുഭവം പകരുന്നതിന്, സർഗ്ഗപരമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നതോടൊപ്പം കുട്ടികളുടെ സമഗ്രവികാസം ഉറപ്പാക്കുന്ന പ്രക്രിയാധിഷ്ഠിതമായ ജനാധിപത്യ വിദ്യാഭ്യാസമാതൃക എന്ന അധ്യാപനരീതി രൂപകൽപന ചെയ്ത് നടപ്പാക്കും.
- ക്ലാസ് മുറികളിൽ ICT അധിഷ്ഠിത ക്ലാസുകൾ നടപ്പിലാക്കുന്നതിലൂടെ പഠനപ്രവർത്തനങ്ങളെ ദൃശ്യാനുഭവങ്ങളിലൂടെ ചിത്രവത്ക്കരിക്കാൻ കഴിയുന്നു.
- വിദ്യാലയത്തെ ആകർഷകമാക്കുവാനായി വിവിധ വർണ്ണങ്ങളിൽ സ്കൂൾ കെട്ടിടങ്ങൾ പെയിന്റ് ചെയ്യും.
- പ്രാദേശിക കൃഷിഭവനുമായി ചേർന്ന് പച്ചക്കറിത്തോട്ടം നിർമ്മിക്കും.
- പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കുട്ടികൾക്ക് പ്രാപ്യമാക്കുവാനായി പരിശീലനങ്ങൾ നൽകും.
- സ്കൂളും പരിസരവും ലഹരിവിമുക്തമാക്കുക.
- ആഴ്ചയിലൊരിക്കൽ ഡ്രൈ ഡേ ആചരിക്കും.
- ജൈവ വൈവിധ്യ ഉദ്യാനം, ശലഭോദ്യാനം എന്നിവ നടപ്പിലാക്കും

- കായിക പരിശീലനത്തിന് ഉതകുന്ന രീതിയിൽ സ്കൂൾ മൈതാനം ഒരുക്കൽ.
- കുട്ടികളുടെ മാനസിക സംഘർഷങ്ങൾക്ക് അയവുവരുത്തുന്നതിന് കൗൺസലിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കും.
- നഷ്ടമാകുന്ന പ്രവൃത്തി ദിനങ്ങൾക്ക് പകരമായി ദിവസേനയുള്ള ക്ലാസ്സുകളുടെ ദൈർഘ്യം വർധിപ്പിക്കുകയോ ശനിയാഴ്ചകൾ പ്രവൃത്തി ദിവസമാക്കുകയോ ചെയ്യും.
- ലഘു പഠനയന്ത്രങ്ങൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തും.
- കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് എല്ലാ ക്ലാസ്സുകളിലേക്കും വ്യാപിപ്പിക്കും.
- ടീനേജുകാരുടെ ആത്മവിശ്വാസവും ആത്മാഭിമാനവും വളർത്തുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കും.
- വിദ്യാലയ വികസനത്തിനായി വിഭവസമാഹരണം, വിനിയോഗം എന്നിവയ്ക്കായി SMC, PTA എന്നിവയുടെ സഹകരണം തേടും.

# സന്ദേശം

കാലോചിത വേഗതയെ കരുത്തുറ്റതാക്കുന്ന പ്രവർത്തനങ്ങൾ എല്ലായിടത്തും നടന്നു കൊണ്ടിരിക്കുന്നു. ഈയവസരത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന ഉദ്യമം ഏറ്റെടുത്തുകൊണ്ട് തണ്ണീർമുക്കം ഗവ: ഹയർസെക്കന്ററി സ്കൂൾ ഒരു അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നു. എന്ന വിവരം പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ എനിക്ക് സന്തോഷം പകരുന്നതു തന്നെയാണ്.

അറിവിന്റെയും സാംസ്കാരികതയുടെയും ഒരു പുതുതലമുറയെ വാർത്തെടുക്കുന്ന ഈ ഉദ്യമത്തിന് എന്റെ എല്ലാവിധ സഹായ സഹകരണങ്ങളും ഉണ്ടാകും എന്നറിയിച്ചു കൊള്ളുന്നു.

ആശംസകളോടെ

തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

സന്ദേശം

ഭാരതീയ വീക്ഷണമനുസരിച്ച് മാനവശേഷികളും, മാനവികതയും ദൈവികതയും ഊന്നൽ കൊടുത്തുകൊണ്ട് ഗ്രഹണശക്തി, ധാരണാശക്തി, മനനശക്തി എന്നീ ശക്തികളാൽ മനുഷ്യൻ അവന്റെ ശാരീരികവും, മാനസികവും, ആദ്ധ്യാത്മികവുമായ സിദ്ധികളെ പുറത്തുകൊണ്ടുവരുവാനായി ഒറ്റയായും കൂട്ടായും പ്രവൃത്തികളായി നടത്തിക്കൊണ്ടിരിക്കുന്ന സർഗ്ഗപ്രക്രിയയാണ് വിദ്യാഭ്യാസം എന്നുപറയാം.
സാമൂഹികമായും സാമ്പത്തികമായും പിന്നോക്കാവസ്ഥയിൽ കഴിയുന്നവരുടെ ഉന്നമനം ലക്ഷ്യംവച്ചുകൊണ്ട് ഒട്ടനവധി മാതൃകാപ്രവർത്തനങ്ങൾ തണ്ണീർമുക്കം ഗവ: ഹയർസെക്കന്ററി സ്കൂൾ നടപ്പാക്കിവരുന്നുണ്ട്. ഇത്തരത്തിൽ പഠന പ്രാധാന്യം വർദ്ധിക്കുന്നതും അതിലേറെ ഗുണഫലങ്ങൾ ഉണ്ടാകുന്നതുമായ മാസ്റ്റർപ്ലാൻ ആണ് പ്രസിദ്ധീകരിക്കുന്നത്.

തണ്ണീർമുക്കം പഞ്ചായത്ത് 14-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന നമ്മുടെ സ്കൂളിന്റെ വാർഡ് മെമ്പർ എന്ന നിലയിൽ സർവ്വതോന്മുഖമായ പുരോഗതിക്ക് വേണ്ടി എന്റെ എല്ലാവിധ ആത്മാർത്ഥമായ പരിശ്രമവും ഉണ്ടാകും. ഈ വർഷം എല്ലാവർക്കും കർമ്മനിരതവും ഐശ്വര്യപൂർണ്ണവും ആയിത്തീരട്ടെ എന്നാശംസിക്കുന്നു.

വാർഡ് മെമ്പർ

# ആശംസ

ബഹുമാനപ്പെട്ട കേരള സർക്കാരിന്റെ നവകേരള മിഷന്റെ ഭാഗമായി തുടങ്ങിയ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന പദ്ധതി കേരളം ഒരേ മനസ്സോടെ ഏറ്റെടുത്തിരിക്കുകയാണ്. ഓരോ സ്കൂളും മത്സരിച്ച് മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്ന കാഴ്ച വളരെ ആനന്ദകരമാണ്. ഈ അവസരത്തിൽ നമ്മുടെ സ്കൂളും മുന്നോട്ട് കുതിക്കുകയാണ്. അതോടൊപ്പം എല്ലാ അഭ്യുദയകാംക്ഷികളുടെയും കൈയ്യയഞ്ഞ സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നമുക്ക് ഒരുമിച്ച് മുന്നേറാം നമ്മുടെ കുട്ടികൾ നാളെയുടെ പ്രതിഭകളായി മാറട്ടെയെന്ന് ആശംസിക്കുന്നു.

ഷൈജു

PTA President

## ആശംസ

മാറിവരുന്ന കാലത്തിന്റെ നടയിൽ നിന്നുകൊണ്ട് മാറ്റങ്ങളെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് ഒന്നിനെയും മാറ്റി നിർത്താതെ എല്ലാവരേയും സഹകരിപ്പിച്ചുകൊണ്ട് മുന്നേറുന്ന സ്വപ്നതുല്യമായ ഒരനുഭവം യാഥാർത്ഥ്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. അനുഭവങ്ങളിലൂടെ നേടുന്ന അറിവിനെ തിരിച്ചറിവാക്കി മാറ്റി എടുക്കുന്ന നമ്മുടെ സ്കൂളുകൾ സമഗ്ര വികാസത്തിന്റെ പാതയിൽ കുതിക്കുന്നു. അക്കാദമികാനന്തരകാലത്തിൽ, നാട്ടിലും വീട്ടിലും മനുഷ്യസ്നേഹ മനസ്സുകളിലും ജ്യോതിസ്ഫുലിംഗ പ്രഭാപൂരമായി നിറയുവാൻ ഈ രേഖാചിത്രങ്ങൾ വഴിവിളക്കുകളായി മാറട്ടെ.... ആ വൈവിധ്യത്തിൽ നിറയുന്ന കുരുന്നു മനസ്സുകൾക്ക് കൂടുതൽ വിളവെടുക്കാനായി നമുക്കൊരുങ്ങിടാം....

നമ്മുടെ വിദ്യാലയങ്ങൾ വിളങ്ങട്ടെ....
അറിവിന്റെ സോപാനം തിളങ്ങട്ടെ...
ആശംസകളോടെ.....

രജുമോൾ
പ്രിൻസിപ്പൽ

അറിവിന്റെ നിറവിൽ പൊതു വിദ്യാലയങ്ങൾ അലംകൃതമായിക്കൊണ്ടിരിക്കുന്നു. അക്ഷരങ്ങൾക്ക് മധുരമുണ്ടെന്ന ഈ തിരിച്ചറിവിൽ കുരുന്നുകൾ ക്ലാസ്സ് മുറികളിലേക്കും പ്രകൃതിയുടെ മടിത്തട്ടിലേക്കും പിച്ചവച്ചിരിക്കുന്നു. അറിവുകളും തിരിച്ചറിവാകുന്നു, ഭാവിയെ സ്വപ്നതുല്യമാക്കുന്ന പ്രവർത്തനങ്ങൾക്ക് കൂടുതൽ ചാരുത പകരുന്നതിനായി സമഗ്രവികസന ആസൂത്രണരേഖകൾ തയ്യാറായിക്കഴിഞ്ഞിരിക്കുന്നു. ഓരോ വിദ്യാലയങ്ങളേയും ഓരോ നാഴികക്കല്ലുകളാക്കി മാറ്റിയെടുക്കുന്ന, ഓരോ വിദ്യാർത്ഥികളേയും നമ്മുടെ മുത്തുകളാക്കി മാറ്റുന്ന വികസനപ്രയത്നങ്ങൾക്ക് ഒരായിരം ആശംസകൾ നേർന്നുകൊള്ളുന്നു .....

നമ്മുടെ വിദ്യാലയം നന്മകളാൽ നിറയട്ടെ ......

ശുഭപ്രതീക്ഷകളോടെ .....

# നിലവിലെ അവസ്ഥാവിശകലനം.

## കുട്ടികളുടെ സാമൂഹികസാമ്പത്തിക അവസ്ഥ:

- ഭൂരിഭാഗം കുട്ടികളും സാമ്പത്തികമായി വെല്ലുവിളികൾ നേരിടുന്ന കുടുംബങ്ങളിൽ നിന്ന് വരുന്നവരാണ്.
- മത്സ്യത്തൊഴിലാളികളുടെയും കയർതൊഴിലാളികളുടെയും, നിർമ്മാണ തൊഴിലാളികളുടെയും, കൂലിപ്പണിക്കാരുടെയും മക്കളാണ് കൂടുതലും വിദ്യാലയത്തിൽ പഠനം നടത്തിവരുന്നത്.
- കുട്ടികളുടെ കുടുംബങ്ങളിലെ സാമ്പത്തികപരമായ പരാധീനതകൾ സ്കൂളിന്റെ സാമ്പത്തികപരമായ വസ്തുതകളെ പലപ്പോഴും ബാധിക്കാറുണ്ട്.
- വളരെയധികം സാമൂഹിക പ്രസക്തിയുള്ള ചുറ്റുപാടുകളിൽ നിന്നാണ് കുട്ടികൾ പഠിക്കാനെത്തുന്നത്. വളരെയധികം പ്രകൃതിഭംഗി തുളുമ്പുന്ന തണ്ണീർമുക്കം ഗ്രാമവും, വേമ്പനാട്ടുകായലും തണ്ണീർമുക്കം ബണ്ടും എല്ലാം തന്നെ വിദ്യാലയത്തിന്റെ കൂടി സാമൂഹികപ്രസക്തി വർധിപ്പിക്കുന്നു.

## പ്രശ്നങ്ങൾ, വെല്ലുവിളികൾ

### ഭൗതികം.

- അസംബ്ലിക്ക് പര്യാപ്തമായ സ്ഥലമില്ല.
- ആകർഷകമായ പൂന്തോട്ടത്തിന്റെ അഭാവം.
- പരിമിതമായ കളിസ്ഥലം
- കുട്ടികളുടെ സർഗാത്മകകഴിവുകളുടെ പോഷണത്തിനു-തകുന്ന കലാപഠനം, പ്രവൃത്തിപഠനം തുടങ്ങിയവയ്ക്ക് പരിശീലനത്തിനുള്ള മുറികൾ, സാധന സാമഗ്രികൾ എന്നിവയുടെ കുറവ്.
- വൈദ്യുതി നിലച്ചുപോയാൽ പകരം സംവിധാനങ്ങളില്ല. എല്ലാ ക്ലാസ്സുകളെയും ബന്ധപ്പെടുത്തുന്ന ശബ്ദസംവിധാ-നങ്ങളില്ല

## അക്കാദമികപരമായ അവസ്ഥാവിശേഷം.

അക്കാദമിക പരമായ് വളരെയധികം പോരായ്മകൾ സ്കൂൾ നേരിട്ടുകൊണ്ടിരിക്കുന്നു. ആരോഗ്യകായിക വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് അദ്ധ്യാപകരുടെ ലഭ്യക്കുറവും, അവശ്യം വേണ്ട സൗകര്യങ്ങളോ, യാതൊന്നുമോ ഒന്നും കുട്ടികൾക്ക് ലഭ്യമാകാത്ത അവസ്ഥാവിശേഷമാണ് നിലവിലുള്ളത്. സ്കൂൾ സൗകര്യമായി ബന്ധപ്പെട്ട് ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനുള്ള മുറികളോ അവ സൂക്ഷിക്കുന്നതിനുള്ള അലമാരകളോ ഇല്ല. ഇംഗ്ലീഷ് വിഷയത്തിന് അധ്യാപകരില്ലാത്തതും സയൻസ് വിഷയങ്ങൾക്ക് പ്രത്യേകം അധ്യാപകരില്ലാത്തതും സ്കൂൾ പ്രവർത്തനങ്ങളെ ബാധിക്കുന്നു. എസ്. ആർ. ജി വളരെ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. വിവിധ മത്സരപരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്.

## അക്കാദമിക പ്രവർത്തനങ്ങൾ

* പ്രൈമറി തലം മുതലുള്ള കുട്ടികളുടെ പഠന നിലവാരം ഉയർത്തുന്നതിനു വേണ്ടി അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേക പാക്കേജ് നടപ്പിലാക്കുക.
* രണ്ടാം ക്ലാസ്സിൽ നിന്നും മൂന്നിലേക്ക് ജയിക്കുന്ന എല്ലാ കുട്ടികളെയും തെറ്റുകൂടാതെ എഴുതാനും വായിക്കാനും സജ്ജരാക്കുക.
* നാലാം ക്ലാസ്സിൽ നിന്നും വിജയിക്കുന്ന കുട്ടികളെ ചതുഷ്ക്രിയയിൽ പ്രാവീണ്യമുള്ളവരാക്കുക.
* ഓരോ മാസവും ക്ലാസ് പി.ടി.എ
* ആഴ്ചയിലൊരിക്കൽ അധ്യാപകരും രക്ഷകർത്താക്കളും കുട്ടികളുടെ പഠനനിലവാരത്തെക്കുറിച്ച് ഫോണിലൂടെ ആശയവിനിമയം നടത്തുക.
* യൂണിറ്റ് ടെസ്റ്റുകൾ മാസത്തിലൊരിക്കൽ
* കുട്ടികൾക്കായുള്ള കൗൺസിലിംഗ് ഊർജ്ജിതമാക്കുക.
* ഓരോ ക്ലാസിലും ഭിന്നനിലവാരത്തിലുള്ള കുട്ടികളെ ഉൾപ്പെടുത്തുന്ന ചെറുഗ്രൂപ്പുകൾ രൂപീകരിക്കുക.
* പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ, സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾക്ക് മാർക്ക് നൽകുക.
* ആഴ്ചയിലൊരിക്കൽ മികച്ച ഗ്രൂപ്പിന് സ്കൂൾ അസംബ്ലിയിൽ സമ്മാനം കൈമാറൽ

* ഏഴാംക്ലാസ്സ് വിദ്യാർത്ഥികൾക്ക് ഏജൻസികളുടെ സഹായത്തോടെ അഭിരുചിപരീക്ഷ നടത്തി താൽപര്യമുള്ള മേഖലകൾ കണ്ടെത്തുക.
* ഹൈസ്കൂൾ തലത്തിലെ കുട്ടികളെ താൽപര്യമുള്ള തൊഴിൽ മേഖലകളിലേക്ക് തിരിച്ചുവിടുക.
* ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് സമാന്തരമായി മത്സരപരീക്ഷകൾക്കുള്ള പരിശീലനം നൽകുക.

# മികവിനായ് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷിവികസനം | കളിസ്ഥലം | പിടിഎ ശക്തിപ്പെടുത്തൽ |
| ഗണിതശേഷിവികസനം | വിശ്രമമുറി | വിദ്യാലയവികസന സമിതി |
| ഇംഗ്ലീഷ്, ഹിന്ദി, മലയാളം പഠനപരിപോഷണം | ഉദ്യാനം | എസ്. എസ്. എൽ. സി ജാഗ്രതാസമിതി കാര്യക്ഷമമാക്കൽ. |
| വായനാപരിപോഷണം | | ക്ലാസ് പിടിഎ മാതൃകാപരമാക്കുന്നതിന് ഉള്ള പരിപാടികൾ |
| ലൈബ്രറി ശാക്തീകരണം | | ഭവനസന്ദർശനം. |
| ശലഭോദ്യാനം | | വിദ്യാലയമികവുകൾ പൊതുസമൂഹവുമായി പങ്കിടൽ. |
| പഠനയാത്രകൾ | | വിദ്യാഭ്യാസപ്രവർത്തകർ, പൂർവ്വഅധ്യാപകർ, സാംസ്കാരികസ്ഥാപനങ്ങൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ |
| സെമിനാറുകൾ | | |
| കലാകായിക ശാസ്ത്ര മേളകൾ | | |
| ഐ.ടി. പരിശീലനം | | |
| ശില്പശാലകൾ | | |
| പിന്നോക്കശേഷി വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കൽ | | |
| അധ്യാപക ശാക്തീകരണ പരിപാടികൾ | | |
| ബോധവൽക്കരണ പരിപാടി | | |

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ടേം മൂല്യനിർണ്ണയം<br>നിരന്തര മൂല്യനിർണ്ണയം<br>ദിനാചരണങ്ങൾ<br>മത്സര പരീക്ഷാ പരി-<br>ശീലനം<br>കായിക പഠനം | | |

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

ഓരോ വിദ്യാർത്ഥിക്കും അവരുടെ അഭിരുചികൾക്കനുസ-രിച്ച് പഠിക്കുവാനും മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കാനും സാധിക്കും.

വിദ്യാർത്ഥികൾക്കിടയിൽ സ്നേഹവും സഹവർത്തിത്വ-വും വളരുന്നു.

കുട്ടികളെ സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാ-രായി വളർത്തുക.

കൗമാരക്കാരായ വിദ്യാർത്ഥികൾക്ക് അവരുടെ മാനസി-കവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും ചേർന്ന ഒരു കൂട്ടായ പ്രവർത്തനം.

വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള വിഷയങ്ങൾ കണ്ടെത്താനും തുടർന്ന് പഠിക്കാനും സാധിക്കും.

മത്സരാത്മകമായി പഠനപ്രവർത്തനങ്ങളിലും കല കായിക പ്രവർത്തനങ്ങളിലും പങ്കെടുക്കാൻ കഴിയും.

ഭാഷാവികാസം

വിഷയം - മാതൃഭാഷ

<u>ലക്ഷ്യങ്ങൾ</u>

* ഐ.സി.ടി സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കുന്നു. കുട്ടികളുടെ പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട കഥകൾ, കവിതകൾ തുടങ്ങി ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുന്ന എല്ലാ സാധ്യതകളും പരിശോധിച്ച് നടപ്പിൽ വരുത്തുന്നു.
* കുട്ടികളുടെ സർഗ്ഗപരമായ കഴിവുകൾ എല്ലാം കണ്ടെത്തി അവയെ വേണ്ടവിധം പ്രോത്സാഹിപ്പിക്കുക.
* കുട്ടികളുടെ പഠന സംബന്ധിയായ എല്ലാവിധ വൈകല്യങ്ങളും കണ്ടെത്തി പരിഹരിക്കുന്നു.
* പാഠപുസ്തകങ്ങൾക്കുപരിയായി മറ്റു സ്രോതസ്സുകളിലേക്ക് കടന്നു ചെല്ലുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു.
  (ലൈബ്രറി, വിവരസാങ്കേതികവിദ്യ)
* ഓരോ ക്ലാസിലും ലാംഗ്വേജ് ലാബുകൾ, ലൈബ്രറി ഓഡിയോ വിഷ്വൽ ലൈബ്രറി എന്നിവ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നു.

<u>പ്രവർത്തനങ്ങൾ</u>

* ഭാഷാബന്ധിത സെമിനാറുകൾ, സംവാദങ്ങൾ
* വായനാ പ്രതിഫലനം തയ്യാറാക്കൽ
* കവിതാ ക്യാമ്പുകൾ
* സ്കിറ്റുകൾ തയ്യാറാക്കി അവതരിപ്പിക്കൽ
* ഭാഷാ പ്രശ്നോത്തരികൾ
* വായനാമത്സരങ്ങൾ

* ദൃശ്യാവിഷ്കാരം (കഥ, നോവൽ, സിനിമ)
* കവിതാരചന, കഥാരചന
* ആൽബം നിർമ്മാണം (പ്രസ്തുത പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട്)
* മാഗസിൻ നിർമ്മാണം.
* അറിവിന്റെ മരം (മരച്ചില്ലയിൽ ഭാഷാ ബന്ധിതമായ കുട്ടികളുടെ രചനകൾ തൂക്കിയിട്ട് പ്രദർശിപ്പിക്കുന്നു)
* ബ്ലോഗ് നിർമ്മാണം (കുട്ടികൾ സ്വന്തം രചനകൾ ആഴ്ചയിൽ ഒന്നുവീതം ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നു.)
* കവിതകൾ ഐ.സി.ടിയുടെ സഹായത്തോടെ കേൾക്കുന്നു
* ഭാഷാബന്ധിത പദപ്രശ്നങ്ങൾ
* പുസ്തക കവർപേജ് നിർമാണം
* നാടൻപാട്ടുകളുടെ ദൃശ്യാവിഷ്കാരം
* ഭാഷാ പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ച് കുറിപ്പ് തയ്യാറാക്കൽ
* നവ മാധ്യമങ്ങളിലൂടെ സാഹിത്യ പ്രതിഭകളുമായി സംവദിക്കാനുള്ള അവസരം
* അക്ഷരത്താളികൾ
* പദച്ചങ്ങലനിർമാണം
* കഥാപതിപ്പ് തയ്യാറാക്കൽ
* കവിതയരങ്ങുകൾ സംഘടിപ്പിക്കൽ
* വായനാനുഭവം പങ്കുവെക്കൽ
* മലയാളം കംപ്യൂട്ടിംഗ്
* സർഗാത്മക നാടകപ്രവർത്തനങ്ങൾ
* ബാലസഭ/സാഹിത്യസമാജം.

## ഇംഗ്ലീഷ്

### ലക്ഷ്യങ്ങൾ

* കുട്ടികളെ ഇംഗ്ലീഷ് ഭാഷ നന്നായി കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
* ഇംഗ്ലീഷ് ന്യൂസ്പേപ്പർ, മാഗസിൻ എന്നിവ ലഭ്യമാക്കുക
* ഇംഗ്ലീഷ് ക്ലബുകൾ രൂപീകരിക്കുക.

### പ്രവർത്തനങ്ങൾ

* ഇംഗ്ലീഷ് ഭാഷ സുഗമമായി വായിക്കാനായി ഗ്രൂപ്പ് തിരിച്ച് പഠനപ്രവർത്തനങ്ങൾ നൽകുന്നു.
* പരിചിതമല്ലാത്ത പാഠഭാഗത്തെ പുതിയ വാക്കുകൾ കൊണ്ട് നിഘണ്ടു തയ്യാറാക്കാൻ ആവശ്യപ്പെടുന്നു.
* കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ കമ്മ്യൂണിക്കേഷൻ ക്ലാസുകൾ സംഘടിപ്പിക്കുക.
* സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തി ഇംഗ്ലീഷ് ബുക്കുകൾ വായിക്കാൻ കുട്ടികൾക്ക് അവസരമുണ്ടാക്കുക.

## വിഷയം - ശാസ്ത്രം

### ലക്ഷ്യങ്ങൾ :-

- ഓരോ കുട്ടിയുടേയും ശാസ്ത്രീയമായ ആകാംക്ഷയും സർഗാത്മകതയും പരിപോഷിപ്പിക്കുന്ന രീതിയിൽ ശാസ്ത്രപഠനം ആകർഷകമാകുന്നു.
- ശാസ്ത്രവിഷയങ്ങൾ മനസ്സിലാക്കാൻ പ്രയാസമാണ് എന്നുള്ള ദുർധാരണകൾ ദൂരീകരിക്കത്തക്ക രീതിയിൽ പഠനപ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നു.
- സയൻസ് ക്ലബ്ബുകൾ രൂപീകരിക്കുന്നു.
- കുട്ടികൾ നിർമ്മിക്കുന്ന മാതൃകകളും ഉപകരണങ്ങളും ഉൾപ്പെടുത്തി സയൻസ് ലാബിന്റെ പ്രവർത്തനം മാറുന്നു.
- ശാസ്ത്രപഠനം എളുപ്പത്തിൽ നേടുവാൻ ക്ലാസ്സ്മുറികൾ ICT അധിഷ്ഠിത പഠനത്തിന് വിധേയമാകുന്നു.
- കുട്ടികൾക്കായി വാനനിരീക്ഷണം പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നു.
- ജൈവവൈവിധ്യ പാർക്ക് വികസിപ്പിച്ചുകൊണ്ട് പരിസരം ഒരു പാഠപുസ്തകം എന്ന ആശയം കുട്ടികളിലെത്തിക്കുന്നു.

പ്രവർത്തനങ്ങൾ :-

- ശാസ്ത്രപ്രദർശനങ്ങൾ
- സയൻസ് കോർണർ
- ശാസ്ത്ര മാഗസിൻ നിർമ്മാണം
- ശാസ്ത്രോപകരണ നിർമ്മാണം
- ശാസ്ത്രദിനാചരണങ്ങൾ
- പ്രകൃതിപഠനയാത്രകൾ
- ശുചിത്വക്ലാസുകൾ സംഘടിപ്പിക്കുക.
- പഠനവിഷയ സെമിനാറുകൾ
- കൃഷിസാധ്യതകൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കൽ.

## വിഷയം - ഗണിതം.

### ലക്ഷ്യങ്ങൾ :-

- ഗണിതവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിച്ച് പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു.
- പ്രത്യേക ഗണിത ലൈബ്രറികൾ സജ്ജീകരിക്കുന്നു.
- ഗണിതശാസ്ത്രമേളകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു.
- ഗണിതം മധുരം പദ്ധതി അനുവർത്തനം ചെയ്ത് കാര്യക്ഷമതയോടെ മുന്നോട്ട് കൊണ്ടുപോകുന്നു.
- ഗണിതം ICT യിലൂടെ കൂടുതൽ ആസ്വാദ്യകരമാക്കുന്നു.
- ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിച്ച് പ്രകൃതിയുമായി ഗണിതപഠനത്തെ ബന്ധിപ്പിക്കുന്നു.
- ഗണിതസഹവാസക്യാമ്പുകൾ സംഘടിപ്പിക്കുന്നു.
- ഗണിത മാഗസിനുകൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു.
- തൊഴിലിടങ്ങളിലെ ഗണിതാനുഭവങ്ങൾ കുട്ടികൾക്ക് ലഭ്യമാകുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു.

### പ്രവർത്തനങ്ങൾ :-

- പതാകദിനത്തിനോടനുബന്ധിച്ച് പതാകനിർമ്മാണം
- ഗണിതക്വിസ് മത്സരം
- ഗണിത ശാസ്ത്രമത്സരം
- രാമാനുജൻ പ്രബന്ധരചനാമത്സരം
- ഗണിതത്തിലെ സൗന്ദര്യം കണ്ടെത്തൽ
- പ്രോജക്ടുകൾ, സെമിനാറുകൾ

## സാമൂഹ്യശാസ്ത്രം

### ലക്ഷ്യങ്ങൾ

* ചരിത്രബോധം കുട്ടികൾക്ക് നേടിക്കൊടുക്കുക.
* സാമൂഹ്യശാസ്ത്രത്തോടുള്ള കുട്ടികളുടെ താത്പര്യം വർദ്ധിപ്പിക്കുക.
* ചരിത്രപ്രാധാന്യത്തിന്റെ തലങ്ങൾ കുട്ടികളിൽ ആഴത്തിൽ മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കാൻ ചര്യാപ്തമായ മാതൃകകൾ അവതരിപ്പിക്കുക.
* സമൂഹത്തിൽ ഓരോ കുട്ടിയ്ക്കും ഉള്ള പങ്കെന്ത് നാം അവർ സമൂഹവുമായി എങ്ങനെ ബന്ധപ്പെട്ട് നിലകൊള്ളുന്നവെന്നുള്ള ബോധ്യം ഉണ്ടാക്കിയെടുക്കുക

### പ്രവർത്തനങ്ങൾ

* ചരിത്ര പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കുക.
* ക്വിസ്, പ്രസംഗം, സംവാദം എന്നിവ സംഘടിപ്പിക്കുക.
* ചരിത്രപ്രാധാന്യം ഉള്ള സ്ഥലങ്ങൾ സന്ദർശിക്കുക.
* ചരിത്രപ്രാധാന്യം എന്നിവ പ്രദർശിപ്പിച്ച്
* അറ്റലസ്, ഗ്ലോബ് എന്നിവ പ്രയോജനപ്പെടുത്ത വസ്തുക്കൾ ലോകരാജ്യങ്ങൾ, പ്രധാനപ്പെട്ട വസ്തുക്കൾ എന്നിവ കണ്ടെത്തി, ലോകപരിചയം ഉണ്ടാക്കിയെടുക്കുക.
* ഇന്ത്യയിലെ സംസ്ഥാനങ്ങൾ, തലസ്ഥാനങ്ങൾ, ഭൂപ്രകൃതി, കാലാവസ്ഥ, മണ്ണിനങ്ങൾ, കൃഷി തുടങ്ങിയ കാര്യങ്ങൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുക.
* ലോക സമാധാനത്തിനായി ഉള്ള സംഘടനകൾ അവയുടെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി കുറിപ്പ് തയ്യാറാക്കുക.

## വിഷയം - പ്രവർത്തി പരിചയം

ലക്ഷ്യങ്ങൾ :-

- കുട്ടികളിലെ നിർമ്മാണാത്മകകഴിവുകൾ പരമാവധി വികസിപ്പിക്കുക.
- പാഴ് വസ്തുക്കളിൽ നിന്ന് ഉപയോഗപ്രദമായ വസ്തുക്കൾ നിർമ്മിക്കുന്ന കഴിവുകളെ പ്രോത്സാഹിപ്പിക്കുക.
- ഇതര വിഷയങ്ങളുമായി പ്രവൃത്തിപരിചയത്തെ ബന്ധിപ്പിക്കുക.

പ്രവർത്തനങ്ങൾ :-

- ചകിരി ഉത്പന്നങ്ങൾ • സോപ്പുനിർമ്മാണം
- ചോക്ക്, ചന്ദനത്തിരി ഇവയുടെ നിർമ്മാണം.
- ക്ലേ മോഡലിംഗ് • ഫ്ലവർ മേക്കിങ്.

## വിഷയം - ആരോഗ്യ കായിക വിദ്യാഭ്യാസം

ലക്ഷ്യങ്ങൾ :-

- കുട്ടികളുടെ കായികാരോഗ്യ ക്ഷമത ഉറപ്പുവരുത്തുന്നു.
- നല്ല ആരോഗ്യശീലങ്ങൾ വളർത്തുന്നതോടൊപ്പം ആരോഗ്യ ക്ഷമത പരിശോധിക്കുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നു.
- സ്കൂളിനെ മാലിന്യമുക്തവും ഹരിതാഭവുമായി മാറ്റാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.

പ്രവർത്തനങ്ങൾ :-

- വ്യായാമമുറകൾ നൽകുന്നു.
- കായികമേളകൾ സംഘടിപ്പിക്കുന്നു.
- വിവിധ ഗെയിമുകളിൽ ഏർപ്പെടാനുള്ള പരിശീലനവും അവസരവും നൽകുന്നു.

## വിഷയം – ഐ.സി.ടി സാധ്യതകൾ പരിചയപ്പെടുത്തൽ.

ലക്ഷ്യങ്ങൾ :-

- വിവരസാങ്കേതികവിദ്യയെ ഉപയോഗപ്രദമായി പ്രയോജനപ്പെടുത്തുക
- കുട്ടികൾക്ക് ഭയമില്ലാതെ കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക
- കമ്പ്യൂട്ടർ പഠനത്തിന്റെ എല്ലാ സാധ്യതകളും പരിചയപ്പെടുത്തുക.

പ്രവർത്തനങ്ങൾ :-

- ടൈപ്പിംഗ്
- പോസ്റ്റർ നിർമ്മാണം
- ഇന്റർനെറ്റിന്റെ ഉപയോഗം
- സോഷ്യൽ മീഡിയ ഗുണാത്മകമായി ഉപയോഗിക്കുന്നു.
- ആനിമേഷൻ സാധ്യതകൾ പരിചയപ്പെടുത്തുന്നു.

## വിഷയം – കലാപരിശീലനം.

ലക്ഷ്യങ്ങൾ :-

- കുട്ടികളിലെ കലാഭിരുചി കണ്ടെത്തുന്നു.
- കലാപ്രവർത്തനങ്ങൾക്ക് പ്രത്യേകസമയം അനുവദിക്കുന്നു.
- ആധുനിക സാങ്കേതികവിദ്യ കലാപരിശീലനത്തിനായി ഉപയോഗിക്കുന്നു.

പ്രവർത്തനങ്ങൾ :-

- കലാമത്സരങ്ങൾ
- കലാപ്രവർത്തനായിട്ടുള്ള ക്ലബ്ബുകൾ
- സർഗവേളകൾ കലാവിരുത് പ്രകടിപ്പിക്കാനുള്ള സന്ദർഭങ്ങളാണ്
- കലാസദസ്സുകൾ സംഘടിപ്പിക്കുന്നു.

# മോണിറ്ററിങ്

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ മുൻഗണനാക്രമത്തിൽ നടപ്പാക്കും.

മാസത്തിൽ 2 പ്രാവശ്യം എസ് ആർ ജി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തും.

എല്ലാ പി.ടി.എ യോഗങ്ങളിലും പ്രവർത്തനങ്ങൾ വിലയിരുത്തും.

ഓരോ വിഷയവുമായി ബന്ധപ്പെട്ട പരിപാടികൾ കുട്ടികളുമായി പങ്കുവെക്കുകയും അതനുസരിച്ച് നടപ്പാക്കുകയും ചെയ്യും.

വിദ്യാലയത്തിലെ എല്ലാസമിതികളുടേയും ഒരു [illegible] വിദ്യാലയ വികസന പദ്ധതി പ്രവർത്തനങ്ങളുടെ അവലോകനവും ആസൂത്രണവും ആയിരിക്കണം.

# ഉപസംഹാരം

ഇനി വരുന്ന അഞ്ചുവർഷങ്ങൾ മികവുറ്റതാക്കാൻ ഉതകുന്ന സമഗ്രമായ വികസന പദ്ധതിയാണ് ഇവിടെ തയ്യാറാക്കിയിട്ടുള്ളത്. ഇതിൽ നിന്ന് കാലോചിതമായി നടപ്പിൽ വരുത്താൻ കഴിയുന്ന വിഷയഗ്രൂപ്പുകൾ തിരഞ്ഞെടുത്ത് സൂക്ഷ്മതലത്തിൽ ആസൂത്രണം ചെയ്യേണ്ടത് അനിവാര്യമാണ്.

പദ്ധതി നടത്തിപ്പിന് കൂട്ടായ പരിശ്രമം, സഹകരണം പിന്തുണയെല്ലാം അത്യാവശ്യഘടകങ്ങളാണ്. ഫണ്ട് വിനിയോഗം, അത്യന്തം സുതാര്യവും കൃത്യത നിറഞ്ഞതും സൂക്ഷ്മതയുള്ളതുമായിരിക്കണം. വിദ്യാലയത്തിന് ലഭിക്കുന്ന ഫണ്ടുകൾ വികസന പദ്ധതിയുടെ നടത്തിപ്പിനായി കാര്യക്ഷമമായി വിനിയോഗിക്കപ്പെടേണ്ടതാണ്.

വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുക എന്ന പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ സ്വപ്ന സാക്ഷാത്കാരത്തിനായി ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് ആവശ്യമായ വിഭവവും വൈഭവവും കണ്ടെത്തണം. അവ ഫലപ്രാപ്തിയിൽ എത്തിക്കാൻ പരിശ്രമിക്കണം.